LIBRARY ARCHIVES Kerala Legislative Assembly

ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠന പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളാകുന്നുണ്ട്. കൂടാതെ ഡിജിറ്റൽ ക്ലാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ചെറിയൊരുവിഭാഗം അദ്ധ്യാപകർ പങ്കെടുത്തുവരുന്നുണ്ട്. ഇതിനുപുറമെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ നിർദ്ദേശാനുസരണം കോവിഡ് ഡ്യൂട്ടിക്കായി വലിയൊരു വിഭാഗം അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം

155 (904) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനാദ്ധ്യാപകരില്ലാത്തതിനാൽ സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അടിയന്തരമായി പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) പ്രൈമറി പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. പ്രഥമാദ്ധ്യാപകരില്ലാത്ത എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രധാനാദ്ധ്യാപകന്റെ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രധാനാദ്ധ്യാപകരില്ലാത്ത സാഹചര്യം സ്കൂളുകളിലെ അക്കാദമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

നെൻമിനി എൽ.പി. സ്കൂൾ

156 (905) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിൽ കീഴാറ്റൂർ പഞ്ചായത്തിലെ നെൻമിനിയിലെ ജി.എം.എൽ.പി. സ്കൂൾ, യു.പി. സ്കൂളാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് സ്കൂൾ മാപ്പിംഗ് വഴി വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പ് അസാധാരണ ഗസറ്റ് മുഖേന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ മാത്രമേ സ്കൂൾ തുറക്കുന്നതിനായി കെ.ഇ.ആർ. ചട്ടങ്ങളും നിയമങ്ങളും പ്രകാരം നിർവാഹമുള്ളൂ. മഞ്ചേരി മണ്ഡലത്തിൽ കീഴാറ്റൂർ പഞ്ചായത്തിലെ നെൻമിനിയിലെ ജി.എം.എൽ.പി. സ്കൂൾ ഉൾപ്പെടുന്ന പ്രദേശം വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.